**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77** **10-06-2024 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടകര-മാഹി കനാലിന്റെ വിവിധ റീച്ചുകളിലെ പ്രവൃത്തികൾ ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് വിശദമാക്കാമോ; | (എ) | വടകര - മാഹി കനാലിന്റെ വിവിധ റീച്ചുകളിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>റീച്ച് -1- (4 കി.മീ.). 35% പൂർത്തിയായി ബാക്കി പ്രവൃത്തികൾക്ക് 21.8 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്.<br><br>റീച്ച് - 2 – (3.30 കി.മീ.) - പൂർത്തിയായി.<br><br>റീച്ച് - 3 – (3.24 കി.മി.) - 51% പൂർത്തിയായി. ഉയർന്ന കട്ടിംഗ് ആവശ്യമായ 800 മീറ്റർ ഭാഗത്തെ പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ജലപാതാ വികസന പദ്ധതികൾക്കായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാ സ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) മുഖേന സ്വീകരിച്ചു വരുന്നു.<br><br>ബാക്കിയുള്ള ഭാഗത്തെ കനാൽ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>റീച്ച് - 4 – (3.59 കി.മീ.) - 90% പൂർത്തിയായി.<br><br>റീച്ച് - 5 – (3.48 കി.മീ.) - 89% പൂർത്തിയായി.<br><br>ജലപാതക്ക് കുറുകെ നിർമ്മിക്കേണ്ട പാലങ്ങളിൽ വെങ്ങോളി പാലം പൂർത്തിയായി. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് 70%-വും, മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് 96%-വും പൂർത്തിയായിട്ടുണ്ട് 14 നടപ്പാലങ്ങളിൽ 12 എണ്ണം പൂർത്തിയായി. ശേഷിച്ചവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. വരയിൽ താഴെ, കായപ്പനിച്ചി ബോട്ട് ജെട്ടികളുടെ പ്രവൃത്തി പൂർത്തിയായി. കച്ചേരി ബോട്ട് ജെട്ടിയുടെ പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വടകര-മാഹി കനാൽ എന്നാണ് ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിന്റെ ഭാഗമായി വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ; | (ബി) | 2025 അവസാനത്തോട് കൂടി വടകര - മാഹി കനാൽ ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തണമെന്ന ലക്ഷ്യത്തോടു കൂടിയാണ് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കി വരുന്നത്. |
| (സി) | കോട്ടപ്പള്ളി പാലത്തിന്റെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | കോട്ടപ്പള്ളി പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ